ലക്കം 11

# ഗോസ്പൽ ട്രൂത്ത്

**അഖിലലോക സുവിശേഷ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുവാനുതകുന്ന വേദപുസ്തക സത്യങ്ങൾ**

For Private Circulation only

## ആരാണ് വലിയവൻ ?

ശിഷ്യന്മാരുടെ ഇടയിൽ സംഭവിക്കാൻ മിക്കവാറും സാധ്യതയുള്ള ഒരുസംഭവമാണ് താഴെ വേദഭാഗങ്ങളിൽ കൊടുത്തിട്ടുള്ളത്. ലൂക്കോസ് 22: 24-27, മൽക്കൊ 9: 33-36, മത്തായി. 18: 1-4)

യേശുവും തന്റെ ശിഷ്യന്മാരും കഫർന്നഹൂമിലേയ്ക്കുള്ള പൊടിനിറഞ്ഞ നിരത്തിലൂടെ നടന്നുപോകുമ്പോൾ, തന്റെ പിന്നാലെയുള്ള ശിഷ്യന്മാർ നടപ്പ് മന്ദഗതിയിലാക്കി പിൻവാങ്ങി. യേശുവിൽ നിന്നും അല്പം അകലം പാലിച്ചവർ, 'ആരാണ് വലിയവൻ 'എന്ന തർക്കത്തിലേർപ്പെട്ടു. (മർക്കൊ-9:34 b)

റോമൻ സാമ്രാജ്യ ശക്തിയിൽ നിന്നും സമ്പൂർണ്ണ സ്വാതന്ത്ര്യം പ്രാപിച്ച് യിസ്രായേൽ ജനതയെ മുഴുവൻ അടക്കിവാഴുന്ന മശീഹായെ ആണവർ ഭാവന കണ്ടുകൊണ്ടിരുന്നത്. ദൈവരാജ്യം ആത്മീയമായി കാണുവാനോ മനസ്സിലാക്കുവാനോ ശിഷ്യന്മാർക്കു പോലും ആരംഭ ദശയിൽ കഴിഞ്ഞിരുന്നില്ല. (ലൂക്കൊ 17:21, റോമർ. 14 : 17)

ദൈവരാജ്യത്തിൽ ഏറ്റവും കൂടുതൽ അധികാരം ആർക്കാകും എന്ന കാര്യത്തിൽ തർക്കം രൂക്ഷമായി. "ഞാനായിരിക്കും വലിയവൻ, കാരണം ഞാനാണ് ഏറ്റവും മൂത്ത വ്യക്തി ". ഒരാൾ പറഞ്ഞു



അല്ല, ഞാനാണതിന് യോഗ്യൻ, മറ്റൊരാൾ പ്രതിവചിച്ചു. "മുഖ്യസ്ഥാനം എനിക്കാണ് അർഹിക്കപ്പെട്ടത്, എന്തെന്നാൽ ജനങ്ങളുമായി ഇടപ്പെട്ടുള്ള പരിചയകൂടുതൽ എനിക്കാണ്. നോക്കു! എന്റെ നരച്ചമുടികണ്ടില്ലേ? "

നിങ്ങൾ എല്ലാവരും പറയുന്നത് തെറ്റാണ്? വേറൊരാൾ പറഞ്ഞു. അദ്ദേഹത്തിന്റെ ശബ്ദം അല്പം കോപത്തോടുകൂടിയുള്ളതായിരുന്നു. "നിങ്ങളേക്കാളോക്കെ വിദ്യാഭ്യാസത്തിലും കഴിവിലും സാമർത്ഥ്യത്തിലുമൊക്കെ ഞാനാണ് മുൻപന്തിയിൽ."

'നിർത്തു' എന്നാക്രോശിച്ചുകൊണ്ട് അടുത്തയാൾ വന്നു. "യേശുവുമായി കൂടുതൽ കാലം ചെലവഴിച്ചിട്ടുള്ളത് ഞാൻ തന്നെ. ഞാനാണ് യേശുവിന്റെ ആദ്യശിഷ്യൻ "

വലിയവനാകാനുള്ള ശിഷ്യഗണത്തിന്റെ തർക്കവും പാദവും ഇങ്ങനെ നീണ്ടുപോയി. തീർച്ചയായും അവരിൽ ഒരാൾക്ക് തന്നെ മറ്റൊരാൾ ഭരിക്കുന്നതോ നിയന്ത്രിക്കുന്നതോ സഹിക്കുമായിരുന്നില്ല. ഒരാളെക്കാൾ ഞാനാണ് യോഗ്യൻ എന്ന് സ്ഥാപിക്കുവാൻ അവർ തമ്മിൽ മത്സരിച്ചു. 'എന്റെ കുടുംബം എല്ലാ യിസ്രായേല്യരിലും വച്ച് ഏറ്റവും ഉയർന്നത് എന്നവർ ചിന്തിച്ചു.'


| | | | | |
|---|---|---|---|---|
| പത്രാധിപലേഖനം | ബൈബിൾ പഠനം: പാദശുശ്രൂഷ | അനുബന്ധ ലേഖനം പാദശുശ്രൂഷ | ചോദ്യവും ഉത്തരവും. | നിങ്ങൾക്കറിയാമോ? തക്കസമയത്തെ വാക്ക് |
| പേജ് 3 | പേജ് 4 | പേജ് 5, 6 | പേജ് 7 | പേജ് 8 |

# ബൈബിൾ

## എന്തു പഠിപ്പിക്കുന്നു.

**ദൈവവചനം**
2 തിമൊ. 3: 16-17, 2 പത്രൊ. 1: 20, 21,
മത്തായി 24: 35

**സ്നേഹബന്ധം**
മത്തായി 22: 37-40, യോഹ. 14: 21-23,
1 യോഹ. 4: 7-11

**മാനസാന്തരം**
അപ്പൊ. 3: 19, 17: 30, 2 കൊരി. 7:10

**പുതുജനനം**
യോഹ. 3: 3-7, 2 കൊരി. 5: 17,
റോമർ 6 : 1-4, എഫെ. 2: 1, 5-6).

**പാപത്തിൽ നിന്നും സ്വാതന്ത്ര്യം**
1 യോഹ. 5: 18, മത്തായി 1: 21,
യോഹ. 8: 11

**പരിശുദ്ധാത്മ നിറവ്**
അപ്പൊ. 19: 2, 15: 8-9, 1: 8).

**വിശുദ്ധി**
ലൂക്കോ. 1:73-75, എബ്രാ. 12:14,
1 പത്രൊ. 1: 15-16, തീത്തോ. 2: 11, 12, റോമ. 6: 22

**ദൈവരാജ്യം**
ലൂക്കോ. 17 : 20-21, റോമ. 14: 17, യോഹ. 18: 36

**സഭ**
അപ്പൊ. 2: 4-7, എഫെ. 4: 4-6,
1 കൊരി. 12: 12,13, കൊലൊ. 1: 18

**ഐക്യത**
യോഹ. 17: 20-23, ഗലാ. 3: 28,
വെളി. 18: 2-4

**ചട്ടങ്ങൾ**
മത്താ. 28: 19-20, 26: 26-30, 1 കൊരി. 11: 23-27,
യോഹ. 13: 14-17

**ദൈവീക രോഗശാന്തി**
ലൂക്കോ. 4: 18, യെശയ്യ. 53: 4-5,
യാക്കോബ് 5: 13-16

**വിവാഹശുശ്രൂഷ**
മത്താ. 19: 5-6, ലൂക്കോ. 16: 18,
റോമർ 7: 2-3, 1 കൊരി. 7: 10-11

**ബാഹ്യപ്രകടനം**
1 തിമൊ. 2: 9-10, 1 കൊരി. 11: 14-15,
ആവർത്തനം 22: 5

**അന്ത്യകാലം**
2 പത്രൊ. 3: 7-12, യോഹ. 5: 28-29,
2 കൊരി. 5: 10, മത്താ. 25: 31-46

**സാമാധാനവാദം:**
ലൂക്കോസ് 6: 27-29, ലൂക്കോസ് 18: 20

**ആരാധന**
യോഹ. 4: 23-24, എഫെ. 5: 19, 2 കൊരി. 3: 17

**അന്ത്യകല്പന**
മർക്കൊസ് 16: 15

വഴിയിൽ വച്ച് നിങ്ങൾ തമ്മിൽ എന്തായിരുന്നു തർക്കവും വാദവുമൊക്കെ എന്ന് യേശു അവരോട് പിന്നീട് ചോദിക്കുകയുണ്ടായി. (മർക്കൊ, 9 : 33) ''നിങ്ങൾ എന്ത് നേടിയെടുക്കാനാണ് തത്രപ്പെടുന്നത്?''(ലൂക്കൊ. 22: 24)

യേശു അവരുടെ അഹംഭാവത്തെയും ജഡികസ്വഭാവത്തെയും തിരിച്ചറിഞ്ഞു കൊണ്ട് ആരാണ് യഥാർത്ഥത്തിൽ വലിയവൻ എന്ന് പറഞ്ഞുകൊണ്ട് അവരെ ഉപദേശിച്ചു. ഒരു ശിശുവിനെ അവരുടെ നടുവിൽ നിർത്തിയശേഷം ഇപ്രകാരം പറഞ്ഞു: ''ആകയാൽ ഈ ശിശുവിനെപ്പോലെ തന്നെതാൻ താഴ്ത്തുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവൻ ആകുന്നു എന്നു പറഞ്ഞു.''(മത്തായി.18: 4) ''ഒരുവൻ മുമ്പൻ ആകുവാൻ ഇച്ഛിച്ചാൽ അവൻ എല്ലാവരിലും ഒടുക്കത്തവനും എല്ലാവർക്കും ശിശ്രൂഷകനും ആകണം.'' മർക്കൊ : 9 : 35 b

''ജാതികളുടെ രാജാക്കന്മാർ അവരുടെമേൽ കർത്തൃത്വം നടത്തുന്നു..... എന്നാൽ നിങ്ങളുടെ ഇടയിൽ അങ്ങനെ അരുത്. എന്നാൽ നിങ്ങളുടെ ഇടയിൽ വലിയവൻ എല്ലാവരിലും ചെറിയവനാകണം. മഹാനായവൻ എല്ലാവർക്കും ശുശ്രൂഷക്കാരനും ആകേണം'' (ലൂക്കൊ. 22: 25,26)

ദൈവജനത്തിന്റെ ഇടയിൽ ജഡാഭിലാഷത്തിനോ അഹങ്കാരത്തിനോ സ്ഥാനമില്ല. ഇഹലോകരാഷ്ട്രീയരംഗത്ത് പലനേതാക്കന്മാരും അഭിമാനത്തിന്റെയും അധികാരത്തിന്റെയും ഉന്നതസ്ഥാനമാനങ്ങളിലേക്ക് കടന്നുകയറുവാൻ വ്യഗ്രതകാട്ടുന്നവരാണ്. മറ്റുള്ളവർ തങ്ങളെ അനുസരിക്കണമെന്നും കീഴ്പ്പെടണമെന്നും അവർ ആഗ്രഹിക്കുന്നു. സഭയിലെ മറ്റുള്ളവരെ ഭരിക്കുവാനും അവരുടെമേൽ കർത്തൃത്വം നടത്തുവാനും അവർക്ക് വലിയ താത്പര്യമാണ്. ഇന്നത്തെ പല ക്രിസ്തീയ നേതാക്കന്മാരും പ്രായവും പക്വതയും വിദ്യാഭ്യാസയോഗ്യതയും കുടുംബപാരമ്പര്യവുമെല്ലാം മുൻനിർത്തികൊണ്ട് മറ്റുള്ളവരുടെ അംഗീകാരം പിടിച്ചുപറ്റുന്നു. എന്നാൽ ക്രിസ്തുവിന്റെ ഉപദേശവും മാതൃകയും ഇവയിൽ നിന്ന് തികച്ചും വ്യത്യസ്തമാണ്. യഥാർത്ഥ താഴ്മയോടുകൂടിയ മഹത്വവും ശുശ്രൂഷയുമാണ് അവിടുന്ന് വെളിപ്പെടുത്തിയിട്ടുള്ളത്.

ആരാണ് വലിയവൻ? വാസ്തവത്തിൽ അഹങ്കാരമൊട്ടുമില്ലാതെ തന്നെത്തന്നെ താഴ്ത്തി ഒരു ശിശുവിനെപ്പൊലെ നിഷ്കളങ്കമായ സ്നേഹത്തിൽ ശുശ്രൂക്ഷിക്കുന്നവനത്രെ വാസ്തവത്തിലുള്ള നേതാവ്. മറ്റുള്ളവരെ ഭരിക്കുകയല്ല മറിച്ച് സേവനമനോഭാവത്തോടുകൂടിയുള്ള ഒരു ദാസനായിത്തീരുകയാണ്. ആത്മീയ നിഗളത്തോടുകൂടിയ ഉന്നതഭാവമല്ല പിന്നെയോ മറ്റുള്ളവരുടെ ആത്മീയാഭിവൃദ്ധിക്കായി സഹായിക്കുകയത്രെ വേണ്ടത്. എല്ലാ ദൈവമക്കൾക്കും സുവിശേഷത്തിന്റെ ശുശ്രൂഷകന്മാർക്കും നേതൃത്വത്തിന്റെ യാഥാർത്ഥ്യം ഗ്രഹിപ്പാൻ ഇടയാകട്ടെ ! !

MWS

ആത്മീയ അഭിവൃദ്ധിയും ദൈവമക്കളുടെ ആത്മീയ വളർച്ചയും ലക്ഷ്യമാക്കികൊണ്ട്, ദൈവസഭയുടെ ഉപദേശ സത്യങ്ങൾ ത്രൈമാസങ്ങളിൽ പുറത്തിറക്കുന്ന ഒരു പ്രസിദ്ധീകരണമാണ് ഗോസ്പൽ ട്രൂത്ത്. WWW. thegospeltruth.org എന്ന വെബ്സൈറ്റ് മുഖേനയും ഇ- മെയിൽ വഴിയായും ആനുകാലിക ആത്മീയ സന്ദേശങ്ങൾ ലഭ്യമാണ്. ഗോസ്പൽട്രൂത്ത് മിക്കരാജ്യങ്ങളിലും പ്രദേശിക ഭാഷകളിൽ ഇന്ന് ലഭിക്കുന്നുണ്ട്. അനേകരുടെ സ്വമേധാദാനങ്ങൾ മുഖാന്തരമാണിത് സാധിക്കുന്നത്. മുഖപേജിലുള്ള ചിത്രങ്ങൾ അനുവാദപ്രകാരം കൊടുത്തിട്ടുള്ളതുമാകുന്നു.

എന്ന് എഡിറ്റർ, മൈക്കിൾ ഡബ്ലൂ. സ്മിത്ത്



# പത്രാധിപലേഖനം

വളരെ താഴ്മയോടുള്ള മനോഭാവത്തിൽ കർത്താവിനെ സേവിച്ചുപോന്നു. (അപ്പോ 20 : 19 a)

യാഥാർത്ഥ്യബോധത്തോടുകൂടി വളരെ താഴ്മയോടും സേവനമനോഭാവത്തോടും ദൈവത്തെ സേവിച്ച വിശുദ്ധന്മാരെയും സഭയുടെ തൂണുകളായി നിലകൊണ്ടിട്ടുള്ള നേതാക്കന്മാരെയും ഇത്തരുണത്തിൽ സ്മരിക്കുവാൻ അവസരം ലഭിച്ചതോർത്ത് ഞാൻ ദൈവത്തെ സ്തുതിക്കുന്നു. സ്വയം കേന്ദ്രീകൃതവും ജഡികാഭിലാഷത്താൽ അഹങ്കരിക്കുന്ന ഒരു വഷളായ തലമുറയുടെ നടുവിലാണ് നാം ഇന്ന് ജീവിക്കുന്നത്. ആത്മീയഗോളത്തിലും ഇന്ന് പ്രസ്തുത പ്രവണതയാൽ പല നേതാക്കളും അഹങ്കാരികളും സ്വാർത്ഥന്മാരുമാണ്. ആത്മീയർ എന്നഭിമാനിക്കുന്നവർപോലും ഉയർന്ന സ്ഥാനങ്ങൾക്കും അധികാര കസേരകൾക്കും മത്സരിക്കുന്ന കാഴ്ച എത്ര ദയനീയമാണ്.

വാസ്തവത്തിൽ, താഴ്മയോടുകൂടി ദൈവത്തെ സേവിക്കുന്ന ആത്മാർത്ഥതയുള്ള ശുശ്രൂഷകരെ കാണുന്നതിനെക്കാൾ സന്തോഷം വേറെയില്ല. എന്നാൽ ദൈവസഭയിൽ കർത്താവ് പഠിപ്പിച്ച താഴ്മയെ മാതൃകയാക്കികൊണ്ട് ജീവിക്കുന്ന ദൈവമക്കൾ എത്ര അനുഗ്രഹമാണ് ! എന്നാൽ എവിടെ അസൂയയും കോപവും നിറഞ്ഞവരായും മറ്റുള്ളവരോടു സഹകരിക്കാൻ കഴിയാത്തവരുണ്ടോ അവരുടെ പ്രവർത്തികൾ ജഡികത്വം നിഴലിച്ചു നിൽക്കുന്നതു കാണുവാൻ കഴിയും. യഥാർത്ഥ ദൈവീകശുശ്രൂഷക്ക് താഴ്മയും വിനയവും വളരെ അത്യന്താപേക്ഷിതമാണ്.

പാദശുശ്രൂഷയെക്കുറിച്ചും അതുമായി ബന്ധപ്പെട്ട ഉപദേശത്തെക്കുറിച്ചുമുള്ള പഠനമാണ് ഇത്തവണത്തെ നമ്മുടെ വിഷയം. ഒരു വ്യക്തിയുടെ കാൽ കഴുകുവാൻ തക്കവണ്ണം താഴ്മയും സേവന മനോഭാവവും ഒക്കെയുള്ള വിശ്വാസസമൂഹത്തിനിത് വളരെ സന്തോഷം നൽകുന്ന വസ്തുതയത്രെ. ഇത് ശരീരത്തിന്റെ അഴുക്ക് കളയുവാനുള്ള പ്രവർത്തിയല്ല, മറിച്ച് അനുഗ്രഹിക്കപ്പെട്ട നല്ലൊരു ആത്മീയ അനുഭവമാണ് നൽകുന്നത്.

നമ്മുടെ ജീവിതത്തിൽ പലവിധമായ തെറ്റിദ്ധാരണകളും പ്രശ്നങ്ങളും വ്യത്യസ്ത കാഴ്ചപ്പാടുകളും മൂലം ഉണ്ടാകാറുണ്ട്. പരസ്പരം താഴ്മയും വിനയവും മുഖാന്തരം അവ ഓരോന്നും പരിഹരിക്കപ്പെടുന്നതാണ്. ‘‘എനിക്ക് തെറ്റിപ്പോയി ’’, ‘‘എന്നോട് ക്ഷമിക്കണം’’ എന്നിത്യാദി പ്രതികരണങ്ങൾ താഴമയുടെതാണ്. ഒരു സഭയോ സമൂഹമോ ആകുമ്പോൾ പ്രശ്നങ്ങൾ സ്വാഭാവികമായും ഉണ്ടാകാം. എന്നാൽ താഴ്മയുടെ പ്രതീകമായി പാദശുശ്രൂഷ വേളയിൽ അവ ഓരോന്നും പരിഹരിക്കപ്പെടുവാനുള്ള നല്ല അവസരം ഉണ്ടാകുന്നു.

അധികാര കസേരകളിൽ ഇരിക്കുന്ന പലനേതാക്കന്മാരും മറ്റും അഹങ്കാരികളായി തെറ്റിധരിക്കപ്പെടുന്നവരോ അരോപണ വീധേയരുമായിത്തീരാറുണ്ട്. ആകയാൽ മറ്റുള്ളവർ അത്തരത്തിൽ ചിന്തിക്കുവാനിടയുള്ള സാഹചര്യങ്ങളോ പ്രവർത്തനശൈലിയോ തുടരാതെ സൂക്ഷിക്കാം.

ചില വർഷങ്ങൾക്കുമുമ്പ് ശുശ്രൂഷകന്മാരുടെ ഒരു കൂടിവരവിൽ ഞാൻ ക്രിസ്തുവിന്റെ താഴ്മയെക്കുറിച്ചും ശുശ്രൂഷയെകുറിച്ചും ഒക്കെ പഠിപ്പിച്ചതോർക്കുന്നു. പ്രസ്തുത പഠനം അവർക്ക് ഇഷ്ടപ്പെട്ടില്ല. കാരണം അവരുടെ ഇഷ്ടാനുഷ്ടങ്ങൾക്കും, അവർ പിൻതുടർന്നുപോന്ന പ്രവർത്തനരീതികൾക്കും എതിരായിരുന്നു. യഥാർത്ഥത്തിൽ താഴ്മയോടുള്ള ജീവിതം നയിക്കുന്ന ശുശ്രൂഷകന്മാരുടെ ജീവിതത്തിൽ ഇതുപാടില്ല. താഴ്മയോടുകൂടി ജീവിക്കുവാനാവശ്യമായ ദാസമനോഭാവവും ഹൃദയവുമാണ് നമ്മുടെ ലക്ഷ്യവും വിളിയും.

പാദശുശ്രൂഷ അനുഷ്ഠിച്ച് മാതൃകകാട്ടിയ യേശു കർത്താവിന്റെ ആത്മാവിനെ പ്രാപിച്ചുകൊണ്ട് നമ്മുടെ എല്ലാം വഴികളിലും അവന്റെ താഴ്മയുള്ള മനോഭാവം പിന്തുടരുവാൻ നമ്മെ ദൈവം സഹായിക്കട്ടെ !

**മൈക്കിൾ ഡബ്ല്യൂ സ്മിത്ത്.**

ഇന്റർനെറ്റിൽ കൂടുതൽ വായിക്കാം.

www.thegospeltruth.org

# ബൈബിൾ പഠന സഹായി

## വിഷയം : പാദശുശ്രൂഷയുടെ അനുഷ്ഠാനം

**വായനഭാഗം :** കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ കാൽകഴുകിയെങ്കിൽ നിങ്ങളും അന്യോന്യം കാൽകഴുകേണ്ടതാകുന്നു. (യോഹന്നാൻ 13:14)

**രത്നചുരുക്കം:-** കാൽ കഴുകൽ അനുഷ്ഠാനം യേശുക്രിസ്തുവാണ് സ്ഥാപിച്ചിട്ടുള്ളത്. ഇത് എല്ലാ വിശ്വാസികളും പിന്തുടരുവാനായിട്ടാണ് കല്പിച്ചിട്ടുള്ളത് വിശുദ്ധന്മാരായവരെ ദാസന്മാരായിട്ടാണ് താൻ വിളിച്ചിരിക്കുന്നത്. ക്രിസ്തുവിന്റെ ശരീരമായ സഭയിൽ അവശ്യം നിലനിൽക്കേണ്ട സമത്വത്തിന്റെയും താഴ്മയുടെയും അക്ഷരികമായ സ്മരണയാണ് പാദശുശ്രൂഷയെന്നത്. (യോഹന്നാൻ. 13 : 1- 17 വരെ വായിച്ചാലും)

I **ക്രിസ്തു സ്ഥാപിച്ചു**

യോഹന്നാൻ 13: 1- 5
യേശു ശിഷ്യന്മാരുടെ കാൽ കഴുകുന്നു.

II **ക്രിസ്തു കല്പിച്ചു.**

A-മത്തായി 28: 20 എല്ലാം പ്രമാണിപ്പാൻ തക്കവണ്ണം

B-യോഹന്നാൻ 13: 14 ചെയ്യേണ്ടതാകുന്നു.

1. ബാധ്യത :കടമ, നിർബദ്ധമായും, ചുമതല.
2. ലൂക്കോസ്. 18 : 1, അപ്പ, 5 : 29, 1 യോഹ 4 : 11

III **ക്രിസ്തു മാതൃകകാട്ടി**

യോഹന്നാൻ. 13 : 15 - ക്രിസ്തുവിന്റെ മാതൃക

IV **ആദിമ അപ്പൊസ്തോലിക സഭയിൽ നടത്തപ്പെട്ടു.**

A-യോഹന്നാൻ 13: 8 ക്രിസ്തുവുമായുള്ള കൂട്ടായ്മ

B- 1 തിമൊഥെ 5:9-10 വിധവമാർ

V **താഴ്മ എന്ന പാഠം**

A. യോഹന്നാൻ 13: 16 ദാസൻ മഹാനല്ല

B. ഫിലിപ്പ്യർ 2: 3-7 ക്രിസ്തുവിന്റെ മനോഭാവം

C. മത്തായി 18: 1-4 ശിശുവിനെപ്പോലെ ആയിത്തീരുക

D. 1 പത്രൊസ് 5: 3-5 താഴ്മ ധരിക്കുക

VI **ദാസന്മാരായി വിളിക്കപ്പെട്ടു**

A. ലൂക്കോസ്. 22: 24- 27
യജമാനനും ദാസനെപ്പോലെ

B. ഗലാത്യർ. 5: 13
അന്യോന്യം സേവിക്കുക

VII **സമത്വത്തിന്റെ പാഠം**

A. മത്തായി 28: 8 -12
നാമെല്ലാവരും സഹോദരന്മാർ

B. ഗലാത്യർ 3: 28
ക്രിസ്തുവിൽ ഒന്ന്

VIII **അനുസരിക്കുന്നവനുള്ള അനുഗ്രഹങ്ങൾ**

A. യോഹന്നാൻ 13: 17
നിങ്ങൾക്ക് സന്തോഷം

B. യെശയ്യ.1 :19
ദേശത്തിന്റെ നന്മ അനുഭവിക്കും

**ഉപസംഹാരം**

ക്രിസ്തുയേശുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ. അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപമെടുത്തു മനുഷ്യ സാദൃശ്യത്തിലായി................ ഫിലിപ്പ്യർ - 2:5-7





## നാമെല്ലാവരും
## സഹോദരന്മാർ

(മത്തായി 23 : 1 – 12)

മനുഷ്യരുടെ അംഗീകാരവും ബഹുമാനവും പിടിച്ചുപറ്റുന്നവരായിരുന്നു പരീശന്മാർ . അവരുടെ പദവികളിൽ അവർ ആനന്ദിച്ചു. ഗുരു. റബ്ബി, തുടങ്ങിയ പേരുകൾ നിങ്ങൾ സ്വീകരിക്കരുതെന്ന് യേശു തന്റെ ശിഷ്യന്മാരെ ഉപദേശിച്ചു. ദൈവം ഏകപിതാവും ക്രിസ്തു എന്ന ഏക യജമാനനും മാത്രമേ നമുക്കുള്ളു.

ശുശ്രൂഷകന്മാർ സഭകളിൽ വിവിധതലങ്ങളിലുള്ള ശുശ്രൂഷകൾ നിർവ്വഹിക്കുന്നു എങ്കിലും സ്ഥാനമാനപേരുകൾ ക്രിസ്തുവിന്റെ സഭക്കില്ല. (പിതാവ്, യജമാനൻ, ബിഷപ്പ്, റവറന്റ് മുതലായവ)

പുതിയ നിയമസഭയുടെ ശുശ്രൂഷ ഒരു പ്രത്യേക കൂട്ടത്തിന്റെ പിൻതുടർച്ചയല്ല. നേരെ മറിച്ച്, ദാസന്മാർ എന്ന സമത്വത്തോടുകൂടിയുള്ള ശുശ്രൂഷകരത്രെ. ക്രിസ്തുവിന്റെ വാക്കുകളിൽ "നാമെല്ലാവരും സഹോദരന്മാർ".

# പാദശുശ്രൂഷയുടെ അനുഷ്ഠാനം

## ബൈബിൾ പഠന ഉപപാഠം

**ബൈബിളിലെ വിവരണം**

(യോഹന്നാൻ 13: 1–17) യേശു അത്താഴത്തിൽ നിന്നും എഴുന്നേറ്റ് ചുറ്റം കൂടിയിരുന്ന ശിഷ്യന്മാരെനോക്കി .പെസഹയെ അനുസ്മരിച്ചുള്ള അത്താഴം അവർ കഴിച്ചതേയുള്ളു. മാനവരാശിയുടെ രക്ഷക്കായി കാൽവറിയിൽ യാഗമായി സ്വയം സമർപ്പിക്കുവാൻ ഇനി അധികം സമയമില്ല എന്ന് യേശു മനസ്സിലാക്കിയിരുന്നു. അവർ ഒരുമിച്ചുള്ള അവസാനത്തെ ഈ അത്താഴത്തിൽ വിശുദ്ധജീവിതത്തെ സംബന്ധിച്ച സാരോപദേശം ശക്തിപ്പെടുത്തുവാനുള്ള പ്രധാന അനുഷ്ഠാനം യേശു സ്ഥാപിച്ചു.



***ഞാൻ നിങ്ങൾക്ക് ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിന് ഞാൻ നിങ്ങൾക്ക് ദൃഷ്ടാന്തം തന്നിരിക്കുന്നു.***

**യേശു ശിഷ്യന്മാരുടെ പാദങ്ങൾ കഴുകുന്നു.**

വളരെ സ്നേഹത്തോടെ യേശു, വസ്ത്രം ഊരിവച്ച് ഒരു തുവർത്തെടുത്ത് അരയിൽ ചുറ്റി ഒരു പാത്രത്തിൽ വെള്ളം പകർന്ന് ശിഷന്മാരുടെ മുന്നിൽ മുട്ടുകുത്തി. ഒരു ദാസൻ എന്നപോലെ ശിഷ്യന്മാരുടെ പാദങ്ങൾ കഴുകി തുവർത്തുകൊണ്ടു തുടച്ചു. ശിഷ്യന്മാരിൽ ഒരാളുടെ പാദങ്ങൾ കഴുകിയ ശേഷം യേശു, യൂദഇസ്കര്യാത്തോവിന്റെ അടുക്കലേയ്ക്ക് നീങ്ങി. താമസിയാതെ യൂദ, യേശുവിനെ ഒറ്റിക്കൊടുക്കും എന്ന് മനസ്സാലാക്കി യേശു, അവനെ നോക്കി. വളരെ ,സ്നേഹത്തോടും താഴ്മയോടും കൂടെ യേശു, തന്റെ ഒറ്റുകാരന്റെ മുന്നിൽ മുട്ടുകുത്തി അവന്റെ പാദങ്ങൾ കഴുകുവാൻ തുടങ്ങി.

**അയോഗ്യനാണ് എന്ന് പത്രോസ്.**

യേശു, പത്രോസിനെ സമീപിച്ചപ്പോൾ “കർത്താവേ നീ എന്റെ കാലുകൾ കഴുകുന്നുവോ ”എന്ന് അവൻ ചോദിച്ചു. “ഞാൻ ഇപ്പോൾ ചെയ്യുന്നത് നീ അറിയുന്നില്ല! പിന്നെ അറിയും ” യേശു, ദൈവപുത്രൻ ആയതിനാൽ തന്റെ കാലുകൾ കഴുകുവാൻ അയോഗ്യനാണ് എന്ന് മനസ്സിലാക്കി. “നീ ഒരുനാളും എന്റെ കാൽകഴുകുകയില്ല” എന്ന് പത്രോസ് പറഞ്ഞു. “ഞാൻ നിന്നെ കഴുകാതിരുന്നാൽ നിനക്ക് എന്നോടുകൂടെ പങ്കില്ല”. എന്ന് യേശു മറുപടി പറഞ്ഞു. അപ്പോൾ പത്രോസ് വികാരാധീനനായി. “കർത്താവേ എന്റെ കാൽ മാത്രമല്ല തലയും കൂടെ കഴുകണമേ” എന്നു പറഞ്ഞു.

**കാൽ കഴുകുന്നതിന്റെ പ്രതീകം**

യേശു അവരുടെ കാൽകഴുകി തീർന്നിട്ട് എഴുന്നേറ്റ് വസ്ത്രം ധരിച്ച് താൻ ചെയ്തതിന്റെ അർത്ഥവും പ്രാധ്യാനവും അവരോട് വിവരിക്കുവാൻ തുടങ്ങി. നിങ്ങൾ എന്നെ ഗുരു എന്നും കർത്താവെന്നും വിളിക്കുന്നു. ഞാൻ അങ്ങനെ തന്നെ ആക കൊണ്ട് നിങ്ങൾ പറയുന്നത് ശരി. കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ കാൽ കഴുകി എങ്കിൽ നിങ്ങളും അന്യോന്യം കാൽ കഴുകേണ്ടതാകുന്നു. ഞാൻ നിങ്ങൾക്ക് ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിന് ഞാൻ നിങ്ങൾക്ക് ദൃഷ്ടാന്തം തന്നിരിക്കുന്നു. ആമേൻ ആമേൻ ഞാൻ നിങ്ങളോടു പറയുന്നു, ദാസൻ യജമാനനെക്കാൾ വലിയവനല്ല, ദൂതൻ തന്നെ അയച്ചവനെക്കാൾ വലിയവനുമല്ല ( യോഹന്നാൻ 13 : 13-16)

**ഒരു ആചാരം എന്നതിലും ഉപരി**

പൊടിപടലങ്ങളുടെ ആധിക്യത്താൽ യേശുവിന്റെ കാലഘട്ടത്തിൽ കാൽ കഴുകുന്നത് സാധാരണമായിരുന്നു. അതിഥികളുടെ കാൽകഴുകുന്നത് ഭൃത്യോചിതമായ ഒരു കടമയായിരുന്നു. ശിഷ്യന്മാരുടെ കാലുകൾ യേശു കഴുകിയത് കാലിലെ പൊടി നീക്കുവാൻ ആയിരുന്നില്ല. പത്രോസ് കാൽ കഴുകുന്നതിനെക്കുറിച്ച് ബോധ്യം വരാത്ത നിലയിൽ സംസാരിച്ചതിനാൽ, ഇതിനുമുമ്പ് കർത്താവ് അങ്ങനെ ചെയ്തിട്ടില്ല എന്നതും വ്യക്തമാണ്. ആചാരപരമായ കാര്യത്തെക്കാൾ ഉപരിയായ മറ്റൊന്നാണ് യേശുചെയ്തത്. യേശു, പത്രോസിനോട് ഞാൻ ചെയ്യുന്നത് ഇപ്പോൾ നീ അറിയുന്നില്ല ; പിന്നെ അറിയും (യോഹ 13 : 7) എന്നു പഞ്ഞു. ആത്മീകമായും പ്രതീകാത്മകമായും അർത്ഥം ഉൾക്കൊള്ളുന്ന കാൽ കഴുകലിന്റെ അക്ഷരീകമായ പ്രവർത്തിസഭ അനുഷ്ഠിക്കുന്നതിനുവേണ്ടി യേശു സ്ഥാപിക്കുകയായിരുന്നു.

**യേശു കല്പിച്ചു**

"ഞാൻ നിങ്ങളോട് കല്പിച്ചതൊക്കെയും പ്രമാണിക്കുവാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ട് സകലജാതികളെയും ശിഷ്യരാക്കികൊള്ളുവിൻ" ( മത്തായി 28: 20 ). കാൽ കഴുകലിന്റെ മാതൃക പിൻതുടരുവാൻ യേശു വ്യക്തമായ നിർദ്ദേശം നൽകി. അത് യേശു കല്പിച്ചതാണ്, അല്ലാതെ ഇച്ഛാനുസരണം ചെയ്യുവാനുള്ള പ്രവർത്തിയല്ല. "നിങ്ങളും തമ്മിൽ തമ്മിൽ കഴുകേണ്ടതാകുന്നു." എന്ന് യേശു പറഞ്ഞു. "Ought" ന് സമാനമായ ഗ്രീക്ക് പദം അർത്ഥമാക്കുന്നത് കടപ്പാടുള്ളത് ചെയ്യുവാൻ തീർച്ചയുള്ളത്, നിയമപ്രകാരം ബാധ്യതയുള്ളത് എന്നാണ്. (You ought to wash One another's feet. John 13:14) മടുത്തുപോകാതെ എപ്പോഴും പ്രാർത്ഥിക്കണം. (Ought always to pray- Lk 18:1) "മനുഷ്യരെക്കാൾ അധികമായി ദൈവത്തെ അനുസരിക്കേണ്ടതാകുന്നു." We ought to obey God. A ct 5 :29). "നാമും അന്യോന്യം സ്നേഹിക്കേണ്ടതാകുന്നു"(We ought also to love - 1Jn 4 :11) ആയതിനാൽ വ്യക്തമായും ദൈവത്തിന്റെ ജനം അന്യോന്യം കാൽകഴുകുവാൻ കടപ്പാടുള്ളവരാണ്. കൂടാതെ യേശു, വളരെ വ്യക്തമായി പറഞ്ഞു ഞാൻ നിങ്ങൾക്ക് ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിന് ഞാൻ നിങ്ങൾക്ക് ദൃഷ്ടാന്തം തന്നിരിക്കുന്നു എന്ന്.

**സഭ ആചരിച്ചു**

തിരുവത്താഴം അനേകം സഭകൾ ആചരിക്കുകയും , കാൽ കഴുകൽ വിരളമായും ചെയ്യുന്ന സഭകളാണുള്ളത്. മറ്റൊരാളുടെ കാൽ കഴുകുവാൻ വിസമ്മതം ഉള്ളതിനാൽ അതിനെ ഉപേക്ഷിക്കുവാൻ അവർ പലന്യായങ്ങൾ പറയുന്നു. പാദങ്ങൾ കഴുകുന്ന അനുഷ്ഠാനം ക്രിസ്തു പഠിപ്പിച്ചു എന്നുമാത്രമല്ല അപ്പോസ്തലിക സഭ അനുഷ്ഠിക്കുകയും ചെയ്തു. സാമ്പത്തികമായി സഹായിക്കുവാൻ വിധവയെ സഭതിരഞ്ഞെടുക്കുമ്പോൾ അവൾ വിശുദ്ധന്മാരുടെ പാദങ്ങൾ കഴുകുന്നത് യോഗ്യതയായി പരിഗണിക്കണമായിരുന്നു. ( 1 തിമൊഥെയൊസ് 5 : 10) . ഈ അനുഷ്ഠാനം ജനം ഉപേക്ഷിക്കുമ്പോൾ അവർ വിനയപ്പെടുവാൻ വിസമ്മതിക്കുകയും അനുസരണക്കേടിനാൽ ക്രിസ്തുവിന്റെ നിർദേശത്തെ തള്ളിക്കളയുകയും ചെയ്യുന്നു.

**താഴ്മയുടെ ഒരു മാതൃക**

രാജാധിരാജാവും കർത്താധികർത്താവുമായ യേശു, യഥാർത്ഥ ദൈവമക്കൾക്കു വേണ്ടി സേവനവും താഴ്മയും എന്താണെന്ന് വ്യക്തമായി കാണിച്ചു. രക്ഷകൻ, തന്നെ സ്നേഹിച്ച് അനുഗമിച്ച ശിഷ്യന്മാരുടെ മുന്നിൽ മാത്രമല്ല തന്നെ ഒറ്റികൊടുത്ത കപടഭക്തരായ ശിഷ്യന്റെ മുന്നിലും താഴ്മധരിച്ചു. ക്രിസ്തുവിന്റെ ഈ ആത്മാവ് സ്ഥാനമാനങ്ങൾക്കും അംഗീകാരത്തിനും ഓടുന്ന ഇന്നത്തെ മതനേതാക്കന്മാരിൽ നിന്നും വിഭിന്നമാണ്. സഭയിലെ ദൈവത്തിന്റെ ജനം, ശുശ്രൂഷകന്മാർ, അപ്പോസ്തലന്മാർ, നേതാക്കന്മാർ ആരും ക്രിസ്തുവിനെക്കാൾ വലിയവനല്ല. അതിനാൽ അവിടുത്തെ മാതൃക പിൻപറ്റണം- അത് രാജാക്കന്മാരെപ്പോലെയോ, നായകന്മാരെപ്പോലെയോ അല്ല, ദാസനെപ്പോലെ ആയിരിക്കണം ( ലൂക്കോസ് 22 : 25-27).



**പാദം കഴുകലിന്റെ "ആത്മാവ് "**

ശാഠ്യത്താലോ ദുരഭിമാനത്താലോ ഒന്നും ചെയ്യാതെ താഴ്മയോടെ ഓരോരുത്തൻ മറ്റുള്ളവനെ തന്നെക്കാൾ ശ്രേഷ്ഠൻ എന്ന് എണ്ണിക്കൊള്ളുവിൻ........ യേശുവിലുള്ള ഭാവംതന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ. അവൻ ദൈവരൂപത്തിലിരിക്കെ ദാസരൂപമെടുത്തു. (ഫിലിപ്പിയർ 2 : 3-7). മറ്റൊരാളുടെ പാദങ്ങൾ കഴുകുന്നത് താഴ്മയുടെ പ്രവർത്തിയാണ്. അത് മാതൃകയായി എടുത്ത് കാണിക്കുന്നത് വിശുദ്ധന്മാർക്ക് എല്ലാം സമയത്തും ഉണ്ടായിരിക്കുന്ന താഴ്മയുടെ ആത്മാവിനെയാണ്. എല്ലാവരും തമ്മിൽ തമ്മിൽ കീഴടങ്ങി താഴ്മ ധരിച്ചുകൊള്ളുവിൻ ( 1 പത്രോസ് 5 : 5 ). അക്ഷരീകമായ കഴുകലിന്റെ അനുഷ്ഠാനം എല്ലാം ദിവസവും നടക്കുന്നില്ലെങ്കിലും ക്രിസ്ത്യാനികളുടെ ജീവിതത്തിൽ കഴുകലിന്റെ ആത്മാവ് എന്നും ഉണ്ടായിരിക്കണം.

**അനുസരണത്താൽ അനുഗ്രഹങ്ങൾ ഉണ്ട്**

ക്രിസ്ത്യാനികളിൽ താഴ്മയുടെയും, നിസ്വാർത്ഥതയുടെയും, സേവനത്തിന്റെയും, ഗുണത്തിന്റെയും യഥാർത്ഥമായ ആത്മാവിന്റെ സാന്നിദ്ധ്യവും ഓർമ്മപ്പെടുത്തുവാനാണ് യേശുക്രിസ്തു, പാദം കഴുകൽ അനുഷ്ഠാനം സ്ഥാപിച്ചത്. യേശു കാണിച്ചു തന്ന മാതൃക ആത്മാവിൽ അനുസരണത്തോടെ പിൻപറ്റുന്നവർക്ക് അവിടുന്ന് അനുഗ്രഹവും വാഗ്ദാനം ചെയ്തു. " ഇത് നിങ്ങൾ അറിയുന്നു എങ്കിൽ ചെയ്താൽ ഭാഗ്യവാന്മാർ." (യോഹന്നാൻ 13 : 17).

## ചോദ്യവും ഉത്തരവും

**പാദം കഴുകൽ എപ്പോൾ ഒക്കെ ആചരിക്കണം ?**

യോഹന്നാൻ 13- ാം അധ്യായത്തിൽ ശിഷ്യന്മാർ യേശുവിന്റെ മാതൃകയും താൻ അവർക്ക് ചെയ്തത് പിൻതുടരുകയും വേണമെന്ന് പഠിപ്പിച്ചു. എപ്പോൾ എല്ലാം പാദം കഴുകണം എന്നതിനേക്കുറിച്ച് യേശു പ്രത്യേകമായി ഒന്നും നിർദ്ദേശിച്ചിട്ടില്ല. ഒരു അനുഷ്ഠാനം അതിന്റെ സ്വഭാവത്താൽ പ്രതീകാത്മകവും ആത്മീകവുമാണ്. അത് ദിവസേനയോ, ആഴ്ചയിലോ അഥവാ മാസത്തിൽ ഒരിക്കൽ ആയാൽപ്പോലും അതിന്റെ പ്രധ്യാന്യം നഷ്ടപ്പെട്ട് ഒരു മത കർമ്മമായി മാറുവാൻ ഇടയാകും.

പല വിശുദ്ധന്മാരും വർഷത്തിൽ ഒരിക്കൽ പ്രത്യേകമായി ഈ അനുഷ്ഠാനം നടത്താറുണ്ട്. ചില ക്രിസ്തീയ വിഭാഗങ്ങൾ കാൽ കഴുകൽ യേശു പെസഹായ്ക്ക് ചെയ്ത സമയം നോക്കി ആചരിക്കാറുണ്ട്.

യേശു പെസഹായ്ക്ക് ശിഷ്യന്മാരുടെ കാൽ കഴുകുകയും തിരുവത്താഴം സ്ഥാപിക്കുകയും ചെയ്തു. ഇത് യേശുവിന്റെ മരണ പുനരുത്ഥാനത്തെ ഓർക്കുവാനുള്ള സമയം ആണ്. അതിനാൽ പാദം കഴുകൽ തിരുവത്താഴത്തിനൊപ്പം സാധാരണ ചെയ്തുപോരുന്നു. അത് എപ്പോൾ അനുഷ്ഠിക്കണം എന്നതിനെക്കാൾ പ്രധാനം അത് അനുഷ്ഠിക്കുക എന്നതാണ്.

**സഹോദരന്മാരും സഹോദരിമാരും തമ്മിൽ തമ്മിൽ പാദങ്ങൾ കഴുകുന്നത് യോഗ്യമാണോ ?**

തിരുവചനത്തിൽ ഒരു സ്ത്രീ കണ്ണുനീർകൊണ്ട് യേശുവിന്റെ പാദങ്ങൾ കഴുകിയ ഒരു സംഭവം ലൂക്കോസ് 7 : 37-39 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. പരീശന്മാർ അതിനെ വിമർശിച്ചെന്നാലും അത് യേശുവിന് ആരാധനയും ബഹുമാനവും നൽകിയ പ്രത്യേക പ്രവർത്തിയായിരുന്നു. ഇത് പൊതുവെയുള്ള പാദം കഴുകലിന് മുന്നോടിയല്ല. സഹോദരി സഹോദരന്മാർക്കിടയിൽ ആത്മീയ ആരാധനയുടെയും പാദം കഴുകലിന്റെയും പശ്ചാത്തലത്തിൽ ലംഘിക്കരുതാത്ത അതിർവരമ്പുകൾ ഉണ്ട്.




വീട്ടുകാരുടെ സാന്നിദ്ധ്യത്തിൽ അതിഥിയുടെ പാദം കഴുകുന്ന ചില സംസ്ക്കാരം ഉണ്ട്. ഇങ്ങനെയുള്ള ആചാരത്തോട് സമാനമായ ഒന്നാണ് ക്രിസ്തുവിനും അനുഭവമായത്. സാംസ്ക്കാരികമായ ഈ ആചാരം വിശുദ്ധന്മാരുടെ പാദങ്ങൾ കഴുകുന്നതിനോട് സമാനമല്ല . കൃത്യമായി ഈ പ്രശ്നത്തെ ഉദ്ദേശിച്ച് അല്ലെങ്കിലും 1 കൊരിന്ത്യർ 14 : 39 ൽ സകലവും ഉചിതവും ക്രമവുമായി നടക്കട്ടെ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. വിശുദ്ധി, യോഗ്യമായ പെരുമാറ്റം എന്നിവയോടുള്ള ബന്ധത്തിൽ ഈ വചനത്തിന് പ്രസക്തിയുണ്ട്. പുരുഷനും സ്ത്രീയുമായി വേർതിരിഞ്ഞ് പുരുഷന്മാർ പുരുഷന്മാരുടെയും, സ്ത്രീകൾ സ്ത്രീകളുമായി ഈ അനുഷ്ഠാനം ചെയ്യുന്നതാണ് ശരിയും യുക്തവും.

**പാദം കഴുകൽ ശുശ്രൂഷയിൽ ഓരോ വ്യക്തിയും കൂടി വന്നിരിക്കുന്നവരുടെ എല്ലാം പാദങ്ങൾ കഴുകണമോ ?**

ഒരു ഉദാഹരണം എടുത്താൽ യേശു, ശിഷ്യന്മാർ എല്ലാവരുടെയും പാദങ്ങൾ കഴുകി. അവൻ അവരോട് പറഞ്ഞത് നിങ്ങളുംഅന്യോന്യം കാൽ കഴുകേണ്ടതാകുന്നു എന്നാണ്. (യോഹന്നാൻ 13 : 14 ). ഒരു വലിയ കൂട്ടത്തിൽ ഒരാൾ എല്ലാവരുടെയും പാദങ്ങൾ കഴുകുക എന്നത് പ്രയാസമേറിയ കാര്യമാണ്. ശാരീരികവും ആത്മീകവുമായ എളിമയിൽ വിനയത്തോടെ ഒരുവനു മുന്നിൽ മുട്ടുകുത്തി പാദങ്ങൾ കഴുകുന്നതിനാണ് പ്രാധാന്യം.

ഒരാൾ മറ്റൊരാളിന്റെ പാദങ്ങൾ കഴുകുകയും അയാൾ വേറൊരുവന്റെ പാദങ്ങൾ കഴുകുകയും ചെയ്യുമ്പോൾ മുഴുവൻ ആളുകളും തമ്മിൽ തമ്മിൽ കഴുകുകയും കഴുകപ്പെടുകയും ചെയ്യുന്നു.

MWS

Printed matter only
**MALAYALAM EDITION**

**നിങ്ങൾക്ക് അറിയാമോ?**

ക്രിസ്ത്യാനികൾ പാദങ്ങൾ കഴുകുന്ന ശുശ്രൂഷ അനുഷ്ഠിച്ചതായി ചരിത്രത്തിലുടനീളം തെളിവുകൾ ഉണ്ട്. അഗസ്റ്റിൻ (എ.ഡി 400 ) അതു നടപ്പാക്കിയിരുന്നു. നാലാം നൂറ്റാണ്ടിനും ഏഴാം നൂറ്റാണ്ടിനുമിടയിൽ തെക്കൻ യൂറോപ്പിൽ ഈ അനുഷ്ഠാനം പ്രചാരം നേടിയിരുന്നു. ആറാം നൂറ്റാണ്ടിൽ അനാബാപ്റ്റിസ്റ്റ് വിശ്വാസികൾ ഈ സിദ്ധാന്തത്തോട് വിധേയപ്പെട്ടിരുന്നു.

19-ാം നൂറ്റാണ്ടിന്റെ അവസാനത്തോളം അമേരിക്കയിൽ പോലും ബാപ്റ്റിസ്റ്റ് സഭകൾ പാദം കഴുകൽ അനുഷ്ഠിച്ചു പോന്നിരുന്നു. ഏബ്രഹാം ലിങ്കൺ, തെക്കൻ ഇന്ധ്യാനയിലെ ഒരു ബാപ്റ്റിസ്റ്റ് സഭയിൽ പാദം കഴുകലിനുള്ള വെള്ളവും പാത്രവും ഒരുക്കിയിട്ടുണ്ട്.

**തക്കസമയത്ത് പറഞ്ഞ വാക്ക്**

# ക്രിസ്തുവിന്റെ ദാസൻ

സുവിശേഷത്തിനായി വിളിച്ചു വേർതിരിക്കപ്പെട്ട അപ്പോസ്തലനും ക്രിസ്തുവിന്റെ ദാസനുമായ പൗലോസ്- റോമർ 1 : 1

യഥാർത്ഥ ശുശ്രൂഷകന്മാർ ദൈവത്താൽ വിളിക്കപ്പെട്ട് പരിശീലിപ്പിക്കപ്പെടുന്നു. അവർ സുവിശേഷം പ്രചരിപ്പിക്കുന്നതിനും, പരിശുദ്ധാത്മാവ് നൽകുന്നത് സംസാരിക്കുവാനും ആകുന്നു. ക്രിസ്തുവിന്റെ ദാസനായി പൗലോസ് സ്വയം മനസ്സിലാക്കുകയും തന്റെ ഗുരുവും കർത്താവുമായി ക്രിസ്തുവിനെ ഉൾക്കൊള്ളുകയും ചെയ്തു. തന്റേതായ ഒരു അധികാരവും ഉള്ളതായി നിരൂപിക്കാതെ ഒരു ദാസൻ യജമാനനുവേണ്ടി ചെയ്യുന്നത് പോലെ സംസാരിക്കുകയും വേല ചെയ്യുകയും ചെയ്തു.



ഒരു ദാസൻ വിനയത്തോടെ നിർദ്ദേശങ്ങളെ പിൻപറ്റുമ്പോൾ വേലയുടെ ഫലം യജമാനന് ബഹുമതിയായിത്തീരും. ദൈവരാജ്യത്തിൽ ദൈവം തന്റെ ദാസന്റെ ശ്രമങ്ങളെ അനുഗ്രഹിക്കുകയും അഭിഷേകം ചെയ്യുകയും ചെയ്യുമ്പോൾ എല്ലാം മഹത്വവും പുകഴ്ചയും കർത്താവിനാണ്. എല്ലാംവരും ദാസന്മാർ ആയിരിക്കുകയാൽ തന്റെ കഴിവുകളെയോ പ്രവർത്തികളെയോ ഉയർത്തരുത്.

ചിലപ്പോൾ നല്ലഫലം കാണാതെ ശുശ്രൂഷകന്മാർ അവരുടെ പ്രവർത്തനങ്ങളിൽ നിരുത്സാഹപ്പെട്ടു പോകാം. പ്രാർത്ഥനയ്ക്ക് മറുപടി ലഭിക്കാത്ത സമയങ്ങൾ ഉണ്ടാകാം. ശുശ്രൂഷകന്മാർക്ക് അവരുടെ കഴിവുകേടിനാൽ ജനത്തെ സ്വാധീനിക്കുവാനും സാഹചര്യങ്ങളെ മാറ്റുവാനും കഴിയാതെ വരുമ്പോൾ നിരാശപ്പെട്ട് പോകാം. നിങ്ങൾ ഒരു ദാസൻമാത്രം എന്ന് ഓർത്ത് ധൈര്യപ്പെടുക. ദൈവത്തിന്റെ ശക്തിയും ഇഷ്ടവുമാണ് വേലയ്ക്ക് ദൈവീക സമയത്ത് ഫലവും വഴിയും നല്കുക. ഒരു ദാസനെപ്പോലെ സമർപ്പണത്തോടും അനുസരണത്തോടും കൂടെ ആയിരുന്നു കൊണ്ട് ഫലം കർത്താവിന് വിട്ടേയ്ക്കുക. നിന്റെ തല ഉയർത്തി ദൈവ ഇഷ്ടം എളിമയോടെ ക്രിസ്തുവിന്റെ ദാസൻ എന്നപോലെ ചെയ്യുക.

MWS

if Undelivered
Please return to:

***Contact:***
The Editor
Gospel Truth
Karickam P.O
Kottarakara
Kerala 691531
India

**ബന്ധപ്പെടുക**
പത്രാധിപർ
ഗോസ്പൽ ട്രൂത്ത്
കരിക്കം പി.ഒ.
കൊട്ടാരക്കര - 691531
കേരള.

ദൈവ നാമം മഹത്വപ്പെടട്ടെ.



Chief Editor
**Michael W. Smith**

Malayalam Editor:
**Mathew Joseph**

Asst. Editor
**Baby Mathew**

Publisher:
**Biju J. Varghese**